# HYDEL BULLET

Issue - 5, Vol - 9, August 2021

A Monthly Publication of the Kerala State Electricity Board Engineers' Association


## New beginnings, Renewed Hope

Honourable Minister Sri K Krishnankutty has taken charge and has brought hope to the sector through his preliminary interventions. Minister is seeking feedbacks from various stakeholders and is studying the sector deeply. He is very much concerned about the energy security of the State and is seeking independent opinion about addressing the issues related to the sector.

Through his preliminary interventions Hon Minister is showing a clear consumer centric vision regarding the sector but without compromising the financial stability of the organisation which was visibly missing for the past several years and is really a refreshing change. Providing consumer with quality power supply 24 x 7 seems to be the motto. He has undoubtedly revealed his intention to keep the sector in public. In single stroke, by ensuring seniority and experience in posting of Directors Honourable Minister has erased the bitter memories of the past. Now it's for us employees of this prestigious organisation to reciprocate.

*Cont...page 4*



# സ്തുത്യർഹമായ സേവനത്തിനു ശേഷം കെ.എസ്.ബി.ലിമിറ്റഡിൽ നിന്നും പടിയിറങ്ങുന്ന എൻജിനിയേഴ്സ് അസോസ്സിയേഷന്റെ സജീവ അംഗങ്ങൾക്ക് ആശംസകൾ



**Er. V. K. Joseph**
Chief Engineer



**Er. James M. David**
Chief Engineer



**Er. Radhakrishnan V.**
Chief Engineer



**Er. Joseph P. Varghese**
Dy. Chief Engineer



**Er. Mohnan G.**
Dy. Chief Engineer



**Er. Santhosh Kumar V. N.**
Dy. Chief Engineer



**Er. Renjith V. Dev**
Dy. Chief Engineer



**Er. Anu Paul**
Dy. Chief Engineer



**Er. Shelvymol T.R.**
Dy. Chief Engineer



**Er. Anil M.**
Dy. Chief Engineer



**Er. Ajith Kumar K.**
Exective Engineer



**Er. Sujatha**
Asst. Exe. Engineer



**Er. Sheela M. Daniel**
Asst. Exe. Engineer



**Er. Ibrahim C.**
Asst. Exe. Engineer



**Er. Joshey K.N.**
Asst. Exe. Engineer

**KSEB Engineers' Association**
**Office Bearers 2019 - 21**

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. G. Shaj Kumar (S)
Er. P. Jayakrishnan (N)

**General Secretary**
Er. Sunil K.

**Treasurer**
Er. Santhosh E.

**Organising Secretaries**
Er. Nishanth B. (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G. (S)
Er. Nagaraj Bhat K. (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K.

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep S.V.

**Joint Secretaries**
Er. Naveen T.R. (South)
Er. Pramod Kumar M. (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar P.K.
Er. Induchoodan D.R.
Er. Anoop Vijayan
Er. Sreelakshmi L.

**Ex. Officio Members**
Er. Sunil K.
Er. Santhosh E.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Vol - 9 | Issue - 5 | August 2021

## *Contents*

➢ Editorial

➢ മനുഷ്യത്വമുഖമില്ലാത്ത പുനഃസംഘടന നാടിനാപത്ത് — *Er. എൻ.ടി.ജോബ്*

➢ തേയിലച്ചെടികൾ പറയാത്തത് (കവിത) — *Er. സുരേഷ് കണ്ണമത്ത്*

➢ Tackling Quality, Reliability & Safety Issues in Distribution Network — *Er. C.P. George*

➢ സിതാരയുടെ ജനനം **(കഥ)** — *Er. അനീഷ് ഫ്രാൻസിസ്*

➢ ലിഫ്റ്റ് **(ചെറുകഥ)** — *Er. അബ്ദുൾകലാം എം.*

➢ Winter, Winter (Children's Poetry) — *Shreya S.*

➢ മുറ്റത്തെ മുല്ലയ്ക്കു മണമില്ല — *Er. ഇ.എം. നസീർ*

➢ സന്തോഷത്തിന്റെ താക്കോൽ **(സുഭാഷിതം)** — *Er. കെ. ശശിധരൻ*

➢ കൊറോണ, ഭാരതം **(കവിതകൾ)** — *Er. മഹേഷ് ടി.*

➢ Humanity is the best Religion — *Er. Thomas Kolanjikombil*

➢ Our life NOT Predestined ! — *Er.Thomaskutty Mathew*

➢ Letter by Association

Minister in his first meeting at Vaidyuthi Bhavan has exhorted the officials to actively solve issues rather than waiting for solutions to come our way. The lethargy and laziness shown by the organisation in addressing the issues is to be put into backburner. Minister has expressed his vision of treating and training employees for future challenges. As regards the approach towards employees, the Hon.Minister through his question sessions in TV channel programmes has made it amply clear that any steps in restructuring will be taken only after discussions with the concerned. Overall, the first steps of Minister - seems to be in right direction for the organisation and the State and Association expresses its happiness and have big hope for the sector. As we have been continuously prophesying through this page, Power sector is facing a huge disruption by technological, regulatory and environmental invasions and we urge all to positively work for the sector keeping every stakeholders in loop.

KSEB Engineers' Association wholeheartedly welcome our Honourable Minister of Power Sri K.Krishnankutty and vows to extend all support to his sincere efforts for addressing the problems associated with the sector.

✵

## Letters to the Editor




**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor

**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

- ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ, PDF ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.
- ഹൈഡൽ ബുള്ളറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള, കുട്ടികളുടെ രചനകൾ ഇ-മെയിലിലോ, വാട്ട്സാപ്പിലോ അയച്ചുതരേണ്ടതാണ്.
- 15 വയസിനു താഴെ, 15 വയസിനു മുകളിൽ എന്നീ രണ്ട് വിഭാഗങ്ങളിലായി കഥകൾ, കവിതകൾ, ശാസ്ത്ര ലേഖനങ്ങൾ, യാത്രാക്കുറിപ്പുകൾ എന്നിങ്ങനെ പ്രസിദ്ധീകരണയോഗ്യമായവ ഇ-മെയിലിലോ, വാട്ട്സാപ്പിലോ അയച്ചുതരേണ്ടതാണ്.



കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പുതിയ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആയി നിയമിക്കപ്പെട്ട **ഡോ. ബി. അശോക് ഐ.എ.എസ്.**ന് ആശംസകൾ.



കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ വിഭാഗം ഡയറക്ടറായി നിയമിതനായ **Er. സിജി ജോസിന്** ആശംസകൾ.



കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജനറേഷൻ സിവിൽ വിഭാഗം ഡയറക്ടറായി നിയമിതനായ **Er. രാധാകൃഷ്ണൻ ജി.**യ്ക്ക് ആശംസകൾ.



ചെന്നൈ അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്നും ഫാക്കൽറ്റി ഓഫ് ടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ **സിമ്യ ഒ. കെ.** കണ്ണൂർ ചാലാട് ഒളവിൽ സുരേഷിന്റെയും അടിയേരി ശോഭനയുടെയും മകളും, കോഴിക്കോട് കാരപ്പറമ്പ് സ്വദേശി പ്രസൂൺ പവിത്രന്റെ ഭാര്യയുമാണ്. ഒളവിൽ സുരേഷ് കെ.എസ്സ്.ഇ.ബി. എൽ. കക്കയം ജനറേഷൻ ഡിവിഷനിൽ നിന്ന് അസി. എഞ്ചിനിയറായി 2002 ൽ വിരമിച്ച, എഞ്ചിനിയേഴ്സ് അസ്സോസിയേഷന്റെ ഒരു സജീവ അംഗമാണ് .






# മനുഷ്യത്വമുഖമില്ലാത്ത പുനഃസംഘടന നാടിനാപത്ത്

*Er.* എൻ.ടി. ജോബ്
*പ്രസിഡന്റ്, KSEBEA*

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അന്നത്തെ ഭരണാധികാരികൾ രാജ്യത്തിന്റെ സ്വയം പര്യാപ്തതയ്ക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയത്, അതിലൂടെ നാടിനാവശ്യമായ സാധന സാമഗ്രികളും സർവ്വീസും ലഭിക്കുക എന്നതിലുപരി, കുറെയധികം പേർക്ക് ജോലി നൽകുവാനുള്ള സ്ഥാപനങ്ങൾ സൃഷ്ടിച്ച് അത്രയും കുടുംബങ്ങൾക്ക് സാമ്പത്തികമായി ഉന്നമനം ഉണ്ടാക്കുക എന്ന ലക്ഷ്യവുംകൂടി കണ്ടുകൊണ്ടാണ്. നാടിനാവശ്യമായ എല്ലാ കാര്യങ്ങളും ജനങ്ങൾ തന്നെ ഉണ്ടാക്കുകയും സാമ്പത്തികമായ ഭദ്രത കൈവരിക്കുകയും ചെയ്യുക എന്നതു തന്നെയായിരുന്നു ലക്ഷ്യം. ആ ഒരു ലക്ഷ്യബോധത്തിലൂന്നിയ പ്രവർത്തനങ്ങളാണ് ഒരുപാടു പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാകുവാനിടയായത്. എന്നാൽ പിന്നീട് സർക്കാരുകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ സാമ്പത്തികമായ ബാധ്യത ഉണ്ടാക്കുന്നവയാണെന്ന ചിന്ത ഉണ്ടാക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റ് സർക്കാരുകൾക്ക് കൈകാര്യം ചെയ്യുവാനുള്ള പണം ആയി പരിഗണിച്ച്, പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന പ്രക്രിയ അതിന്റെ അവസാന ഘട്ടത്തിലേക്ക് രാജ്യത്താകമാനം മുന്നേറിക്കൊണ്ടിരിക്കുകയുമാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങിനെ സ്വകാര്യ സംരംഭകരിലേക്ക് കൈമാറും എന്ന ചിന്തയിലാണ് സർക്കാരുകൾ. അതിന്റെ ഭാഗമായ കാര്യങ്ങൾ വൈദ്യുത മേഖലയിലും നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഒരു പരിസരത്തു വെച്ചുവേണം നമ്മുടെ വൈദ്യുതി ബോർഡിലും നടക്കുന്ന പുനഃസംഘടന പ്രക്രിയയെ നോക്കിക്കാണുവാൻ.

പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കുറെയധികം പേർക്കു ജോലി നൽകുകയും അത്രയും കുടുംബങ്ങൾ സാമ്പത്തിക ഭദ്രമാവുകയും ചെയ്യുന്ന നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. കെ.എസ്.ഇ.ബി.യെ സംബന്ധിച്ചു പറയുമ്പോൾ ചില വസ്തുതകൾ പരിശോധിച്ചു പോകേണ്ടിയിരിക്കുന്നു. പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് ബോർഡിന്റെ വാർഷിക വിറ്റുവരവ് അയ്യായിരം കോടി രൂപയിൽ താഴെയായിരുന്നു. എന്നാൽ അന്ന് നാല്പതിനായിരത്തോളം പേർ ജീവനക്കാരായി ഉണ്ടായിരുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ വിറ്റുവരവ് പതിനയ്യായിരം കോടി രൂപയിലെത്തിനില്ക്കുമ്പോൾ ജീവനക്കാരുടെ എണ്ണം മുപ്പതിനായിരമായി കുറയുകയാണ് ചെയ്തത്. ഇത്രയും വരുമാന വർദ്ധനവിനൊപ്പം അതിനനുസരിച്ച് നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് സാധി

ക്കാതെ പോയിരിക്കുകയാണ്. സർക്കാർ പൊതുമേഖലാ സ്ഥാപനമാകുമ്പോൾ സംസ്ഥാനത്തിൽ രണ്ടുതരത്തിലുള്ള കാര്യങ്ങളാണ് ഉണ്ടാവുക. നാട്ടിലുള്ള കുറെയധികം പേർക്ക് ജോലി ലഭിക്കുകയും അതിലൂടെ അത്രയും കുടുംബങ്ങൾ ഭദ്രമാക്കുന്നതിന് സർക്കാരുകൾക്ക് സാധിക്കുകയും ജനങ്ങൾക്കാവശ്യമായ സർവ്വീസ് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുവാനും സാധിക്കും. ഈ രണ്ടു പ്രക്രിയകളും നടന്നാൽ മാത്രമെ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ വളർച്ച കൊണ്ട് സംസ്ഥാനത്തിനു ഗുണമുണ്ടാവുകയുള്ളു. എന്നാൽ കെ.എസ്.ഇ.ബിയുടെ റവന്യൂ വരുമാനം വളരെയധികം വർദ്ധിച്ചിട്ടും കൂടുതൽ പേർക്കു തൊഴിൽ നൽകുന്നതിന് കെ.എസ്.ഇ. ബിക്കു കഴിഞ്ഞിട്ടില്ല. വൈദ്യുതി താരിഫിൽ കുറവു വരുത്തുന്നതിനും സാധിക്കുന്നില്ല. പിന്നെ ഈ വരുമാന വർദ്ധനവു കൊണ്ട് സംഭവിക്കുന്നത് എന്താണെന്ന് വസ്തുതാപരമായി പഠിക്കേണ്ടത് അനിവാര്യമാണ്. പ്രത്യേകിച്ച് കെ.എസ്.ഇ.ബിയുടെ പുനഃസംഘടനയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് പ്രത്യേകിച്ചും. ഒരു സ്ഥാപനം വളർന്നു കൊണ്ടിരിക്കുമ്പോൾ കൂടുതൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്, എന്നാൽ ബോർഡിന്റെ തലപ്പത്തുവരുന്നവർക്ക് താല്പര്യം ജീവനക്കാരുടെ എണ്ണം കുറച്ചുകൊണ്ടുവരികയും വളരെ കുറച്ചു ജീവനക്കാരെ കൊണ്ട് സ്ഥാപനം നടത്തി കൊണ്ടു പോകുവാൻ സാധിക്കുന്നുണ്ടെന്നു സ്ഥാപിക്കുകയും ആണ്. എന്നാൽ അതുകൊണ്ട് നാടിനുണ്ടാകുന്ന ഗുണമെന്താണ്.

കെ.എസ്.ഇ.ബി.യ്ക്ക് ഒരു വർഷം റവന്യൂ വരുമാനമായി ലഭിക്കുന്നത് പതിനയ്യായിരം കോടി രൂപ. ശമ്പളവും പെൻഷനുമായി നൽകുന്ന തൊഴിച്ചാൽ ബാക്കി തുകയൊന്നും തന്നെ സംസ്ഥാനത്തിനകത്തു ചെലവിടുന്ന തുകയല്ല. ഈ വരുമാന വർദ്ധനവിന്റെ ഗുണം താരിഫ് കുറച്ചു നൽകുന്നതിനും ഉപയോഗിക്കുന്നില്ല. സംസ്ഥാനത്തിനു പുറത്തുനിന്നും സാധന സാമഗ്രികൾ വാങ്ങുന്നതിനും വൈദ്യുതി വാങ്ങുന്നതിനുമാണ് ബാക്കി തുകയിൽ ഭൂരിഭാഗവും ഉപയോഗിക്കുന്നത്. ഇവിടെ ഇനിയും ജീവനക്കാരെ വെട്ടിക്കുറയ്ക്കുമ്പോൾ സംഭവിക്കുന്നതും മറ്റൊന്നല്ല, ആ കുറവു വരുത്തുന്ന തുകയും സംസ്ഥാനത്തിനു പുറത്തേക്ക് ഒഴുകും.

കെ.എസ്.ഇ.ബി.ക്കുള്ള വരുമാനത്തിന്റെ എൺപതുശതമാനവും സാധനസാമഗ്രികൾ വാങ്ങുന്നതിനും വൈദ്യുതി വാങ്ങുന്നതിനും സംസ്ഥാനത്തിനു പുറത്തേക്കുപോകുന്നതിനെക്കുറിച്ച് ഗൗരവമായി തന്നെ ചിന്തിക്കേണ്ടിയിരിക്കുന്ന ആ പശ്ചാത്തലത്തിലും കൂടി വേണം പുനഃസംഘടന വഴി ആളുകളെ വെട്ടിക്കുറയ്ക്കുന്നതിനുള്ള തിടുക്കം കൂടി ചർച്ച ചെയ്യുവാൻ.

ഇങ്ങിനെ വെട്ടിക്കുറയ്ക്കുന്നത് എന്തിനു വേണ്ടിയാണ്, താരിഫ് കുറയ്ക്കുന്നതിനു വേണ്ടിയാണോ; അല്ല, പിന്നെ എന്തിനു വേണ്ടിയാണ് അങ്ങനെ കുറവു വരുന്ന തുക കൂടി വൈദ്യുതി വാങ്ങുന്നതിനു വേണ്ടി ഉപയോഗിക്കുക എന്ന ലക്ഷ്യം മാത്രമാണ് നടക്കുക.

കേരളത്തിനകത്ത് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചിന്തകളൊന്നും ബോർഡധികാരികൾക്ക് ഇല്ല. അവർക്ക് ആകെ ചെയ്യുവാൻ കഴിയുന്നത് കുറെയധികം തസ്തികകൾ കൂടി വെട്ടിക്കുറച്ച് സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് പി.എസ്.സി. വഴി ലഭിക്കുമായിരുന്ന ജോലി ലഭ്യത ഇല്ലാതാക്കുക എന്നതുമാത്രമാണ്. എഴുപതു ശതമാനത്തോളം വൈദ്യുതി പുറമെനിന്നും വാങ്ങുമ്പോഴും വൻ മുതൽമുടക്കു നടത്തി കെട്ടിപ്പൊക്കിയ ബ്രഹ്മപുരം ഡീസൽ നിലയവും കോഴിക്കോട് ഡീസൽ നിലയവും നിലനിർത്തുവാനുള്ള യാതൊരുവിധ മുന്നൊരുക്കങ്ങളും

➦

നടത്താതെ അതെല്ലാം ആക്രി വിലയ്ക്കു വിറ്റു കാശാക്കുന്നതിനാണു താല്പര്യം. ഈ രണ്ടു നിലയവും എൽ.എൻ.ജി.യിലേക്കു മാറ്റുന്നതിന് വേണ്ടിയുള്ള പഠനങ്ങളും അനുകൂല റിപ്പോർട്ടുകളും ഉണ്ടായിട്ടും അത്തരം ചിന്തകളെയെല്ലാം മുളയിലെനുള്ളി അത്രയും വൈദ്യുതി പുറമെനിന്നും വാങ്ങുവാനുള്ള പദ്ധതികളാണ് എല്ലാവരും ആലോചിച്ചത്.

കെ.എസ്.ഇ.ബി.യുടെ പുനഃസംഘടനയെകുറിച്ച് ആലോചിക്കുമ്പോൾ പണം സംസ്ഥാനത്തിനു പുറത്തേക്ക് ഒഴുകുന്നതിൽ കുറവു വരുത്തുന്നതിനെക്കുറിച്ചും ആലോചിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഈ വെട്ടിനിരത്തലുകൾ നടത്തുന്നത് ജനത്തിന് താരിഫ് കുറച്ചുകൊടുക്കുന്നതിനുവേണ്ടിയാണെങ്കിലും സ്ഥാപിച്ചുകൊണ്ടാകണം. ഇതു രണ്ടുമല്ലെങ്കിൽ പുനഃസംഘടനകൊണ്ട് പ്രത്യേകിച്ചു ദൗത്യങ്ങളൊന്നുംസംഭവിക്കാൻ പോകുന്നില്ല.

കെ.എസ്.ഇ.ബി. പണം മുടക്കി കോഴിക്കോട് ഐ.ഐ.എം. എന്ന സ്ഥാപനത്തെകൊണ്ട് ഓരോ തസ്തികകളിലും ഉള്ളവർക്ക്ലോഡിനെക്കുറിച്ച് പഠിക്കുകയും അവരുടെ ശാസ്ത്രീയ രീതിയിലുള്ള പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ റിപ്പോർട്ടുകളെല്ലാം തട്ടിൻപുറത്തു വെച്ച് ചില വ്യക്തികളുടെ ബോധമണ്ഡലത്തിൽ ഉരുത്തിരിഞ്ഞ ചില ചിന്തകളിൽ നിന്നും ഉടലെടുത്ത ചില രൂപ ഘടനകൾ പുനഃസംഘടനയായി അവതരിപ്പിച്ചിരിക്കുകയാണ്. എല്ലാവർക്കും അറിയാം കമ്പ്യൂട്ടറൈസേഷൻ നടന്നപ്പോൾ ഏതു മേഖലയിലാണ് വർക്ക്ലോഡ് കുറഞ്ഞതെന്ന്. എന്നാൽ വെട്ടിക്കുറയ്ക്കലെല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത് സാങ്കേതിക മേഖലയിലും ആണ്. അതാണ് യഥാർത്ഥ വിരോധാഭാസം. വൈദ്യുതിശൃംഖല നാൾക്കുനാൾ വളരുകയും ലൈനുകളും ട്രാൻസ്ഫോർമറുകളും സബ്സ്റ്റേഷനുകളും സെക്ഷൻ ആഫീസുകളും വളരെയധികം കൂടി. കൺസ്യൂമർ മാരുടെ എണ്ണം ഒന്നേകാൽ കോടിയിലെത്തി കഴിഞ്ഞു. എന്നിട്ടും ബുദ്ധിരാക്ഷസന്മാർ കണക്കുകൂട്ടുന്നത് സാങ്കേതിക മേഖലയിൽ ഉള്ളവരുടെ എണ്ണം കുറയ്ക്കണമെന്നാണ്. ദിനംപ്രതി വളർന്നുകൊണ്ടിരിക്കുന്ന വൈദ്യുതിശൃംഖലയിലെ ജോലിഭാരവും അതിനനുസരിച്ച് കൂടിക്കൊണ്ടിരിക്കുകയാണ് എന്ന് അറിയാത്തവരല്ല ഇവരൊന്നും. എന്നിട്ടും സാങ്കേതിക വിഭാഗത്തിലുള്ളവരുടെ എണ്ണം കുറയ്ക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല, ഒരു പക്ഷെ കൂടുതൽ തസ്തികകൾ ചോദിക്കാതിരിക്കുവാനുള്ള അതിബുദ്ധിയുമാവാം.

നമ്മുടെ ലൈൻവർക്കുകളും മെയിന്റനൻസ്വർക്കുകളൊന്നും തന്നെ യന്ത്രവൽകൃതമല്ല, എല്ലാം ചെയ്യേണ്ടത് മാമ്പലി ആണ് അപ്പോൾ ഈ വിഭാഗത്തിലുള്ളവരുടെ എണ്ണം കുറയ്ക്കുന്നത്, കൂടുതൽ പേരെ കരാറടിസ്ഥാനത്തിന് നിയമിക്കുവാനുള്ള സാദ്ധ്യത തുറന്നിടുമെന്നല്ലാതെ മറ്റൊരു യുക്തിയുമില്ല, പൊതുവെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവർക്കുപോലും സ്ഥിരനിയമനത്തിന്റെ ശമ്പളത്തിനു തുല്യ തുക നൽകണമെന്ന ചട്ടങ്ങൾ വന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആളുകളെ കുറയ്ക്കുന്നതുകൊണ്ടുള്ള ഗുണം ഒന്നുമില്ല എന്നതാണ് സത്യം.

സാങ്കേതികമായ വികസനങ്ങളും പുതിയ രീതികളും നടപ്പിലാക്കി കഴിഞ്ഞതിനുശേഷം ഉള്ള ആളുകളെ പരമാവധി ഉപയോഗപ്പെടുത്തികൊണ്ടുള്ള നടപടിക്രമങ്ങളാണ് നടപ്പിലാക്കേണ്ടത്, എന്നാൽ അതിനു പകരം ആളുകളെ വെട്ടിക്കുറയ്ക്കുന്നത് ആദ്യവും സാങ്കേതികമായ വികസനങ്ങൾ പിന്നീടു നടപ്പിലാക്കുമെന്ന നിലപാട് പിന്തുണയർഹിക്കുന്നില്ല.

സംസ്ഥാനത്തിന്റെ വളർച്ചയ്ക്കനുസരിച്ചുള്ള വികസനം കൊണ്ടുവരണമെങ്കിൽ വൈദ്യുതി മേഖലയിലും മാറ്റങ്ങൾ അനിവാ

കവിത

# തേയിലച്ചെടികൾ പറയാത്തത്



*Er.* സുരേഷ് കണ്ണമത്ത്
*എക്സിക്യൂട്ടീവ് എഞ്ചിനീയർ*

വളരാൻ വെമ്പിയ
എന്റെ സ്വപ്നചില്ലകളെ
നിർദ്ദയം ഛേദിച്ച്
നിരന്തരം വളർത്തി,
അവരെന്നെയൊരു
ബോൺസായിയാക്കി.
തളിരിടും മോഹക്കൊളുന്തുകളെ
നുള്ളിയെടുത്ത്
നിങ്ങളുടെ പാനപാത്രത്തിൽ
ഉന്മേഷം നിറച്ചു
സായാഹ്നങ്ങളിൽ,
പ്രഭാതങ്ങളിൽ, എന്തിന്!
ഏതുവേളകളിലും
കോപ്പകളിൽ കൊടുങ്കാറ്റു
നിറച്ചു, നിങ്ങൾ മദിച്ചു.
എനിക്കു വിലക്കപ്പെട്ട
പലതുമാണതിലെ
ആവേശമെന്ന്
ആസ്വദിച്ചവർക്ക്
ഒരിക്കലെങ്കിലും
തോന്നിയിട്ടുണ്ടോ?
അതോർത്തിട്ടുണ്ടോ?
മലനിരകളിലെ
മതിമറന്ന സന്ദർശകരോട്
ഇനിയും പറയാത്ത
തേയിലച്ചെടികളുടെ
അടങ്ങാത്ത ആത്മദു:ഖം.

✵

ര്യമാണ്. ആ മാറ്റങ്ങൾ വെറും വെട്ടിനിരത്തലുകളിൽ മാത്രം ഒതുക്കി നിറുത്താമെന്നു കരുതുന്നതും ശരിയല്ല.

സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് ഒഴുകുന്ന പണം കുറച്ചുകൊണ്ട് വരേണ്ടത് അനിവാര്യമാണ്. അതിനു കേരളത്തിനകത്തുള്ള വൈദ്യുതി ഉല്പാദനം കൂട്ടിയേ മതിയാവൂ. കൂടുതൽ കൂടുതൽ പവർ പർച്ചേസ് എഗ്രിമെന്റുകൾ വെയ്ക്കാതെ ചെലവു കുറഞ്ഞ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്ന സംവിധാനക്രമമാണ് ആവശ്യം. അതിനുതകുന്ന തരത്തിലുള്ള പുനഃസംഘടനയാണ് കെ.എസ്.ഇ.ബി.എൽ.നുവേണ്ടത്. അല്ലാതെ സാങ്കേതിക വിഭാഗത്തിലെ ആളുകളെ വെട്ടിക്കുറയ്ക്കുവാനുള്ള ഉപാധിയായി പുനഃസംഘടനയെ ഉപയോഗിക്കാതിരിക്കുകയെന്ന മിനിമം ധാരണയെങ്കിലും ഉണ്ടായേ മതിയാവൂ.

✵

# TACKLING QUALITY, RELIABILITY & SAFETY ISSUES IN DISTRIBUTION NETWORK



**_Er. C.P. George_**
*Deputy Chief Engineer (Rtd.)*

**Introduction**

The rate of supply interruptions and quality of electricity supplied through the distribution networks in Kerala is not at an acceptable or desirable level now compared to the aspirations of the consumer based on their social and family requirements. The electricity interruptions are not only affecting the normal life of the people in the state but also threating their "right to life" in some cases. Lack of reliability and quality is adversely affecting efficiency of the industrial, commercial and service sector operations and badly affecting the economy and job generation. Through, "the Electricity (Rights of Consumers) Rules, 2020" issued by GoI is supposed to protect the interest of the consumer, the reality is far from satisfactory.

This article is an attempt to analyse the real issues and offer possible solution based on actual practical aspects considering various issues faced by the distribution networks in Kerala

With the urbanisation of the Kerala Society during the past decades, even the domestic consumers in state cannot afford to have few minutes of electricity supply interruptions in their home and the engineers in the distribution wing is under tremendous pressure to maintain the supply at any risk and cost.

The present distribution network in the state was not constructed according to the electrical engineering principles complying mandatory standards but have been evolved based on the requirement of the service connection applications received from the consumers in the state. As such, the electricity is being supplied through a distribution network compromised with safety standards and construction standards and this has ended up in compromising the quality and reliability of electricity supplied to the consumer.

In addition to the substandard network issues, we have exceedingly difficult terrains with thick vegetation all over the state that makes maintaining the electricity supply a lifelong challenge for the field engineers and field staff. The scarcity of resources and competent staff to ensure quality of works and timely restoration of supply is another challenge

to recon with. The frequent natural calamities including thunderstorms and monsoon storms during every season is a network design engineering problem that need to be solved with appropriate innovations in design and adoption of suitable technology and standards with enough redundancy for line and equipment. The undisciplined vehicle drivers in Kerala roads, who have prioritised their first target to the KSEBL Lines and poles placed along the roads are another menace that to be managed appropriately by the field engineers to ensure reliable supply to the consumers. In short, it is observed that the environment for 24 X 7 supply does not exist in the state now and hence appropriate environment is to be created with systematic investments for standardisation of existing assets along with automation and mechanisation in construction, operation, and maintenance. The capacity building of the existing human resources along with quality improvement programs is another aspect that need special attention.

In spite of all these ground realities, State Government, KSERC & KSEBL have offered 24 x 7 electricity to all the consumers in the state without any home work being done or even planned! Consequently, the field engineers are left to face the wrath of the public within this adverse environment with incompetent & unskilled field staff and scarcity of resources.

If we are serious about providing quality electricity with reliability to the consumers, we need to do a lot of introspection about the present state of affairs in the organisation. So far, we have not properly segregated the transmission and distribution function. The point of interfacing between transmission and distribution function needs to be fixed at every substation for the functional clarity as well as the asset / investment decisions and proper accounting. This will ensure proper energy audit and accounting which in turn provide the real picture of cost effectiveness of the investment requirements.

We need to have the real data on the type of interruptions that happens at various voltage levels and its reasons. The interruptions at HT levels are affecting the maximum number of consumers and need to be tackled with much more seriousness and urgency. An important source of interruption and unreliable supply in distribution network is the 33kV substations constructed without complying appropriate standards and without considering the mandatory N-1 redundancy of lines and equipments. We need to ensure "N-1 conditions" with required redundancy of feeders and equipment in all the 33kV substations. All the 11kV feeders need to be designed as ring mains to ensure possibility of redundant feeding for every distribution transformer with ensured back feeding

facility from a predetermined source and this will ensure reliability and safety.

We need to have correct data on requirement of extra investment in transmission and distribution to achieve the predetermined goal of reliability for each feeders and area. We need to have HR with appropriate skill and appropriate level of mechanisation and automation to ensure proper results within targeted time. We need to have clear cut plans and well-defined programs to meet the targets. We need to know that no plans and no program can be implemented on a fine morning without proper homework and preparations! Plans & programs need to be conceived by the implementing officers in the field for proper implementation as envisaged. Hence the plans need to be devised with enough transparency, discussions at various stages and modified to the perfection. Need to find enough time for these processes before proceeding with further steps with respect to the project implementation.

With the declaration of the 100% electrification of the state, state have practically achieved the major goal and the target of providing "access to the electricity for all". The next step is to improve the quality and reliability of electricity supplied to the consumers based on their requirement. But it is observed that various plans and programs devised in KSEBL for achieving the quality and reliability of electricity supplied to the consumers have been miserably failed due to lack of professional approach in developing the project reports (DPR) and the petty politics involved in the HR selection. When membership in the ruling associations or political affiliation become criteria over competency, merit and experience for HR selection, the final fate and outcome of the projects are sealed even before its roll out!

Quality and reliability in supply of electricity means redundancy in lines, transformers and relevant equipment which requires heavy investments in the network. For financial viability of the sector, the level of quality and reliability requirement need to be linked to the energy charge/ fixed charge and make the consumer accountable for the cost. Even such investment shall be fruitful only if the relevant DPR is prepared after the detailed study of the field issues and collection of electrical parameters from various locations. Investment needs to be made with priority based on technical parameters, load growth and actual reliability requirement by the consumers. This means better reliability for essential services, industrial consumers, important commercial establishments etc. The technology adopted, the quality of material used, the quality of works done, compliance of relevant standards etc. also plays major role in ensuring quality and reliability of the network in ensuring

quality and reliability of electricity supplied.

It for the engineers in the sector to go for innovative ideas with appropriate technology in the distribution network to minimize the supply interruptions and make consumer accountable for the additional investment required for improving quality and reliability of the distribution network. It is observed that, in most cases the extra investment itself is regenerative by reducing the T&D losses, extra life for line, transformers and equipments due to less stress out of less over loading and extra revenue generated from the extra sale of electricity from the reducing interruptions. Considering the effect of electricity with quality and reliability on the efficiency in industrial and commercial operations, the decision to investment for a better reliable distribution network is always yield return for the industry and society.

**Reducing Frequent Supply Interruptions**

The distribution of electricity involves only the installation of some distribution transformers, conductors and switching stations. As **no rotating parts are involved in the system;** it should require less maintenance and need to be reliable if designed according to the requirement complying relevant standards. If we forget about the complicated theories of electrical engineering in the electrical network, what we have in the network is only some permanent metallic connections! It should normally last 10–15 years (if done properly). The switching devices (*fuses, MCB/MCCB, AB switches & Circuit breakers*) & transformers need some close monitoring based on the technology used and the stresses subjected. In the end, the quality & reliability of the supply depends on the quality of network design *(never considered in normal environment),* the connections, the quality & reliability of the transformer stations and the quality & reliability of the switching devices. We need a quality distribution network constructed with good combination of technology and innovative ideas that suits our local requirement.

**11 kV NETWORK RELATED.**

- **Interruptions due to Planned works in the Network**

1. Design and construct /convert the local distribution network into a "ring-main" that suits to the requirement of local supply needs and affordability level of the supply interruption.
2. The planned works along any stretch in the ring feeder arrangement shall not affect the remaining portion as the supply is being fed from two sources at both ends.
3. All the radial branches emanating from the ring need to be connected through a circuit breaker/load break switch & isolator to restrict the fault and work in the branch without affecting the "main ring".

- **Interruptions due to Unplanned work / Break down works**

1. **Present Status**: Entire feeder is affected due to tripping at the Sub Station end

- **Restricting / Reducing the consequence of the fault:** New techniques and methods

1. By automatic isolation of faulty portion by introduction of Breakers (Auto re-closers) for branch lines and at suitable locations. With appropriate grading the relay setting the fault occurred at downstream shall be isolated and upstream portion saved from unnecessary interruptions.
2. Locating the fault
   - Present Status

   **a. Patrolling**

   a. Patrolling large area is time consuming, labour intensive and able to detect visible fault only.

   b. Failure of insulators and cable faults cannot be identified through normal patrolling methods

   b. Test Charging

   i. Repeated test charging will cause charging the line to the fault, further damages the weak points and drastically reduce the life of the elements in the system and hence not recommended. But it is being used widely and repeatedly in our system
3. New techniques & methodologies

   a. Branch line Circuit breakers shall provide the area of the fault by isolating the fault by the operation of relay enabled circuit breakers.

   b. Install fault indicator to pin point the location of the fault and isolate the faulty portion. This reduce the risk of charging to the fault

- **Isolating the fault**

  a. Present Status

  a. Isolation through AB

  b. Isolation through removing the bridging

  b. New Techniques & Methodologies

  a. Automatic isolation by circuits breakers / Load break switches

  b. Remote controlled on load isolators / off load isolators

- **Energising the healthy portion**

  a. Present Status

  a. By energising the feeder from Sub station after isolating the faulty portion through opening AB or removing the bridging

  b. New Techniques & Methodologies

I. By automatic isolation of the faulty portion and energising the healthy portion through relays

ii. Remote isolation of the faulty portion from a control room and energisation of healthy portion (through SCADA or DCS)

- **Locating and Rectifying the fault**

1. Faults-OH
   a. Direct and Visible
      i. Remove the fault and rectify the damages ( eg. Natural calamities, physical damages due external forces like dashing of vehicle, hu man intervention etc )
   b. Indirect and invisible
      i. Failure of insulators/insulations due to surges, lighting, aging etc.
      ii. Failure of equipment/elements like transformers, LAs, cable

- **Restoring/ Normalising the network**

1. Rectification of fault and manual operation
2. Locating the fault through equipments measuring parameters, automatic isolation of fault, rectification of fault as per convenience planned and restoration of the system.

**TRANSFORMER & TRANSFORMER STATION**: Increasing the reliability and reducing the transformer failure

- **Transformer Failure: Status & reasons**

1. Transformer Oil contamination due to moisture absorption through breathing.
2. LT bush failure due to lose contact or improper connections from LT bush
3. Overloading due to LT short circuit and LT fuse protection system is inadequate to prevent the failure
4. In adequate & Non-Standard LT distribution system and transformer protection

- **Reducing the Failure and increasing the reliability**

1. Go for breather less transformer (Transformer with conservator air bag and hermitically sealed)
2. Go for transformer with synthetic Transformer oil having less moisture absorption
3. Go for *transformer with in-built distribution panel & MCB/MCCB protection*
   a. Shall protect the transformer from overload
   b. shall reduce the cost and space
   c. standardise the distribution panel in a transformer station
   d. Standardise the connections from the transformer bush; eliminate loose connection and reduce transformer failure rate

- **Transformer Mounting Structure**

1. Go for *single pole mounted platform design* with prefabricated technology for foundation-Pole - Platform to minimize the space, less inconvenience for public while constructing along the road, better aesthetic look
2. Standardisation of Transformer Station and

3. Transformer Station "kit" along with the transformer allocation

**POLE FABRICATION AND POLE ERECTION**.

1. Every Pole (PSC Pole / Tubular Pole / A-Pole / Steel Pole) need to be fabricated with the concept of mechanised handling and erection.
2. Earthing / grounding is of foremost importance in safety and reliability in distribution system. Hence all PSC poles need to be fabricated with internal earth wire and all metallic poles need to be provided with enough "earth boss" for proper grounding
3. All tubular poles and A poles may be designed and supplied in such a way that it can be mounted on a prefabricated foundation with enough studs or bolts.
4. Prefabricated concrete foundation may be designed and supplied with each tubular and A-Poles so that the mechanised erection of the poles and accessories are feasible.

**HIGH VOLTAGE DISTRIBUTION SYSTEM** for better reliability, reducing the interruptions for individual consumers & loss reduction

According to CEA Construction Standard for 11/0.433 kV Distribution Substation; distribution transformers from 6.3 kVA to 2500 kVA is allowed. This means we can distribute electricity to most of the consumers with exclusive transformers and increase the reliability and reduce the rate interruption of the individual consumer drastically consumers in addition to the 3-4% loss reduction in the LT side. Hence KSEBL need to go for a wider range of transformer rating to suits the consumer load range and the purchase policy need to be modified accordingly.

**CONCLUSION**

I may state that, the distribution of electricity with quality and reliability to the consumers warrants an entirely different attitude from the management and the employees from KSEBL. It demands professional approach to create appropriate environment and organisational culture for promoting enough investment in the sector and to promote capacity building among employees for developing competent engineers and skilled staff. The target is achievable through an appropriate road map for a period of 5 -10 years with right vision, clear milestones, and periodic reviews from appropriate management levels.

But I must admit that with the present attitude and priorities within the state government in managing the electricity sector, a substantial improvement in quality and reliability of electricity supplied to the consumer in the state shall remain a distant dream.

കഥ

# സിതാരയുടെ ജനനം



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

“നിങ്ങൾക്ക് എങ്ങിനെ ആത്മഹത്യ ചെയ്യാനാണ് ഇഷ്ടം ?”

വെളുത്ത ചെക്ക് ഷർട്ടും അയഞ്ഞ കറുത്ത പാന്റ്സും ധരിച്ച മനശ്ശാസ്ത്ര വിദഗ്ധൻ ഞങ്ങളോട് ചോദിച്ചു.നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണസാധനം ഏതെന്നു തിരക്കുന്ന മാതിരിയായിരുന്നു ആ ചോദ്യം.

ക്ലാസ് നടക്കുന്ന ഹാളിൽ ഞങ്ങൾ എട്ടു പേരോളം ഉണ്ടായിരുന്നു. ആറു പുരുഷൻമാർ, രണ്ടു സ്ത്രീകൾ.

ഒരു അടച്ചുപൂട്ടിയ സർക്കാർ സ്കൂളിലെ വൃത്തിയുള്ള ക്ലാസ് മുറികളിൽ ഒന്നിലായിരുന്നു ക്ലാസ്.

കാട് കയറിയ മുറ്റം. ഒടിയാറായ കൊടിമരം. ഗ്ലാസ് ജനാലയുടെ വെളിയിൽ ഇടിഞ്ഞു പൊളിയാറായ സ്കൂൾ മതിലിന്റെ മുകളിലിരുന്നു രണ്ടു കാക്കകൾ തൂവൽ മിനുക്കി.

ഡോക്ടർ ചോദിച്ച ചോദ്യത്തിനു ആരും ഉത്തരം പറഞ്ഞില്ല.

‘‘ഇയാൾ ഇതെന്തിനാണ് നമ്മളോട് ചോദിക്കുന്നത് ?’’ എന്റെ അടുത്തിരുന്ന വിൽസ് സിഗരറ്റിന്റെ ഗന്ധമുള്ള വെളുത്ത ഖദർ ഷർട്ട് അണിഞ്ഞ മനുഷ്യൻ ചോദിച്ചു.

ആ ചോദ്യം ന്യായമായിരുന്നു.

ഞങ്ങൾക്ക് ഈ ക്ലാസ് ഏർപ്പെടുത്തിയത് പോലീസ് ഉദ്യോഗസ്ഥരായിരുന്നു. പരാജയപ്പെട്ട ആത്മഹത്യാശ്രമത്തിനുശേഷം ജീവിതത്തിലേക്ക് വീണ്ടും പ്രവേശിക്കുന്നതിന് മുൻപായി പോലീസ് ഞങ്ങൾക്ക് വേണ്ടി ക്രമീകരിച്ച ക്ലാസ്. ഇനി ഒരിക്കലും ആ ശ്രമം തുടരാതിരിക്കാൻ.

“എനിക്ക് വണ്ടി കയറി മരിക്കുന്നതാണ് ഇഷ്ടം.”

മുൻപിലത്തെ ബഞ്ചിലിരുന്ന മഞ്ഞ ചുരിദാർ അണിഞ്ഞ പെൺകുട്ടി പറഞ്ഞു. ക്ലാസിൽ ആ ചോദ്യത്തിന് ആകെ ഉത്തരം പറഞ്ഞത് അവളായിരുന്നു. അവളുടെ ഉത്തരം ക്ലാസ് എടുക്കുന്നയാളെ പരിഭ്രമിപ്പിക്കുകയും ചെയ്തു.

സ്കൂൾ മതിൽക്കെട്ടിനോട് ചേർന്ന് നിൽക്കുന്ന കപ്പളത്തിലെ പാതി പഴുത്ത കപ്പളങ്ങ കാക്ക കൊത്തിതിന്നുന്നത് നോക്കിയിരുന്ന എന്നെ ക്ലാസിലേക്ക് മടക്കിക്കൊണ്ട് വന്നത് അവളുടെ മറുപടിയായിരുന്നു.

അവളുടെ മറുപടി എന്നിൽ കൗതുകമുണർത്തി. ക്ലാസ് എടുത്തുകൊണ്ടിരുന്ന അദ്ധ്യാപകൻ അവളോട് എന്തോ ചോദിക്കുകയും അവൾ അതിനു എടുത്തടിച്ച പോലെ മറുപടി പറയുകയും, അയാളുടെ മുഖം വീണ്ടും വിളറുകയും ചെയ്യുന്നതിനിടെ, ഞാൻ ഡസ്കിൽ അവളുടെ ചിത്രം വരയ്ക്കാൻ തുടങ്ങി.

അതിവേഗം, പാഞ്ഞു വരുന്ന ഒരു ജീപ്പിടിച്ചു മരിക്കാൻ കാത്തു റോഡിൽ കുത്തിയിരിക്കുന്ന അവളുടെ ചിത്രം ഞാൻ കോറിയിട്ടു കൊണ്ടിരുന്നു.

“എന്നാലും വണ്ടിയിടിച്ചു ചാകുന്നത് വളരെ ഭീകരമാണ്.’’എന്റെ അടുത്തിരുന്ന ഖദർധാരി വീണ്ടും പിറുപിറുത്തു.

“അതെന്താ?” ഞാൻ തിരക്കി. അതിനിടയിൽ വരച്ചുകൊണ്ടിരുന്ന പേനയുടെ നിബ്

ഒടിഞ്ഞപ്പോൾ ഞാൻ അയാളുടെ പേന വാങ്ങി വര തുടർന്നു.

'അത് ആ വാഹനത്തിനോട് ചെയ്യുന്ന ദ്രോഹമാണ്." അയാൾ ദു:ഖപൂർവ്വം പറഞ്ഞു.

എനിക്കയാൾ പറഞ്ഞത് മനസ്സിലായില്ല.

"യന്ത്രങ്ങൾക്കും ജീവനുണ്ട്." ഒരു നിമിഷത്തെ നിശബ്ദതക്ക് ശേഷം അയാൾ പറഞ്ഞു.

"നിങ്ങൾ എങ്ങിനെയാണ് ആത്മഹത്യക്ക് ശ്രമിച്ചത് ?" ഞാൻ ചോദിച്ചു.

"ഓ, പതിവ് മാർഗം. കെട്ടിതൂങ്ങൽ." അയാൾ വിരസതയോടെ പറഞ്ഞു.

"പിറകിലെ ബഞ്ചിലിരിക്കുന്നവർ

ആത്മഹത്യാ മാർഗങ്ങളെക്കുറിച്ചാണോ ചർച്ച ചെയ്യുന്നത് ?"

അധ്യാപകനായ ഡോക്ടർ, ക്ലാസ് നിയന്ത്രിക്കുന്ന മട്ടിൽ ഞങ്ങളോടു ചോദിച്ചു. അയാളുടെ മുഖത്ത് ഒരു ചമ്മിയ ചിരിയുണ്ടായിരുന്നു. വണ്ടിയിടിച്ചു മരിക്കാൻ ആഗ്രഹിച്ച പെൺകുട്ടിയുടെ ചോദ്യങ്ങൾക്ക് നേരാംവണ്ണം മറുപടി കൊടുക്കാൻ കഴിയാഞ്ഞതിന്റെയാവും ആ ചമ്മൽ എന്ന് എനിക്ക് തോന്നി.

"ഒന്നുമില്ല സർ." ഖദർധാരി ഈർഷ്യയടക്കി പറഞ്ഞു.

"മിക്കവാറും ഈ ക്ലാസ് കഴിയുമ്പോൾ ഞാൻ ഒന്ന് കൂടി ആത്മഹത്യ ചെയ്യും." എന്റെ ചിത്രത്തിലേക്ക് നോക്കി ഖദർധാരി വീണ്ടും പിറുപിറുത്തു.

"അല്ല, നിങ്ങൾക്ക് സംശയങ്ങൾ ഒന്നുമില്ലേ... നോക്ക് ഈ ക്ലാസ് നിങ്ങളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാണ്... ഈ സമയം നിങ്ങൾ നന്നായി ഉപയോഗിക്കണം."

ഡോക്ടർ പറഞ്ഞു.

ക്ലാസ് നിശബ്ദമായി.

"എന്താ ആരും ചോദിക്കാത്തത് ? ധൈര്യപൂർവ്വം ചോദിക്കൂ.." ഡോക്ടർ വീണ്ടും പ്രോത്സാഹിപ്പിച്ചു.

"സർ, ആ ചോദ്യം ചോദിച്ച പെൺകുട്ടിയുടെ പേരെന്താണ് ?" ഞാൻ എഴുന്നേറ്റുനിന്ന് ചോദിച്ചു.

പെട്ടെന്ന് എല്ലാവരും തിരിഞ്ഞു എന്നെ നോക്കി. ചിലരുടെ മുഖത്ത് ഒരു ചിരിയുണ്ടായിരുന്നു. വണ്ടിയിടിച്ചു മരിക്കാൻ ആഗ്രഹിച്ച പെൺകുട്ടിയുടെ മുഖത്ത് ഒരു കൗതുകവും.

"കൊള്ളാം, നല്ല സംശയം! ഇത് പോലെയുള്ള സംശയങ്ങൾ അല്ല ഡോക്ടർ ഉദ്ദേശിച്ചത്!" ക്ലാസിന്റെ ഏറ്റവും പിറകിലിരുന്നു ഞങ്ങളെ വീക്ഷിച്ചുകൊണ്ടിരുന്ന പോലീസ് ഉദ്യോഗസ്ഥൻ എന്നെ ശാസിച്ചു.

"എന്റെ പേര് സിതാര." പെട്ടെന്ന് ആ പെൺകുട്ടി എഴുന്നേറ്റു എന്നെ നോക്കി പറഞ്ഞു. അവളുടെ മുഖത്ത് പുഞ്ചിരിയോ, മുൻപ് കണ്ട കൗതുകത്തിളക്കമോ ഉണ്ടായിരുന്നില്ല.ഞാൻ അതൊട്ടും പ്രതീക്ഷിച്ചിരുന്നില്ല താനും.

"എന്റെ പേര് രവികുമാർ. ഞാൻ വിഷം കഴിച്ചാണ് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചത്. സത്യം പറയാമല്ലോ, അതൊട്ടും സുഖമുണ്ടായിരുന്നില്ല.നിങ്ങൾ ഒരിക്കലും കെമിക്കൽസ് ഉപയോഗിക്കരുത്."

അപ്പോഴേക്കും രണ്ടാം ബഞ്ചിൽ മൂലക്കിരുന്ന യുവാവ് ആരും ചോദിക്കാതെ സ്വയം പരിചയപ്പെടുത്തി.

ഞാൻ ഇരുന്നു വര തുടരവേ ക്ലാസിലെ ബഹളം കൂടി. ഓരോരുത്തരായി സ്വയം പരിചയപ്പെടുത്തുവാനും തങ്ങൾ അവലംബിച്ച ആത്മഹത്യാമാർഗങ്ങളെ ക്കുറിച്ച് ചർച്ച ചെയ്യാനും തുടങ്ങി.

ക്ലാസിന്റെ നിയന്ത്രണം കൈവിടുന്നതായും തങ്ങളുടെ പ്രാധാന്യം നഷ്ടപ്പെടുന്നതായും ഡോക്ടർക്കും പോലീസ് ഉദ്യോഗസ്ഥനും തോന്നിക്കാണണം.

പോലീസ് ഉദ്യോഗസ്ഥൻ ചാടി എഴുന്നേറ്റു ഡസ്കിൽ കോപത്തോടെ കൈ തട്ടി.

‘‘ഇതെന്താ ചന്തയോ!? ഡോക്ടറുടെ ക്ലാസ് കേൾക്കാനാണ് നിങ്ങളെ വിളിപ്പിച്ചത്. അല്ലാതെ പരസ്പരം സംസാരിക്കാനല്ല.’’ അയാൾ പറഞ്ഞു.

ക്ലാസ് പൊടുന്നനെ നിശബ്ദമായി.

“എനിക്കൊരു കാര്യം ചോദിക്കാനുണ്ട്.” സിതാര എഴുന്നേറ്റു പോലീസ് ഉദ്യോഗസ്ഥനു നേരെ തിരിഞ്ഞു നിന്നു. അയാളുടെ മുഖം അവളുടെ നോട്ടമേറ്റ് ഒരു നിമിഷം വിളറി.

